Kerala Catholic Bishops' Council (KCBC)
Secretariat, Pastoral Orientation Centre, PB No.2251, Palarivattom, Kochi-682025, Kerala, India
Tel +91-484-2805722, 2806815, Fax +91-484-2806214
E-mail kcbc@kcbc.in, www.kcbc.in

22.4.2016

All Kerala Press Release
*Ref: 529/KCBC/K-6/KPR/DS*

**പൊതുസ്ഥലങ്ങൾ കൈയേറിയുള്ള ആരാധനാലയങ്ങൾ: ബന്ധപ്പെട്ടവർ കൂടിയാലോചനയിലൂടെ പരിഹാരം കണ്ടെത്തണം – കെസിബിസി ഐക്യജാഗ്രതാസമിതി**

കൊച്ചി: പൊതുസ്ഥലങ്ങൾ കൈയേറി നിർമ്മിച്ച ആരാധനാലയങ്ങളും പ്രതിഷ്ഠകളും പൊളിച്ചുനീക്കണമെന്ന സുപ്രീംകോടതിയുടെ നിലപാടിനെ കെസിബിസി ഐക്യജാഗ്രതാസമിതി സ്വാഗതം ചെയ്തു. അനധികൃത ആരാധനാലയങ്ങൾ പൊളിച്ചു മാറ്റുന്നത് സംബന്ധിച്ച സുപ്രീംകോടതിയുടെ മാർഗ്ഗനിർദ്ദേശങ്ങൾ പാലിക്കാത്തതിൽ സംസ്ഥാനങ്ങളെയും കേന്ദ്രഭരണ പ്രദേശങ്ങളെയും സുപ്രീംകോടതി രൂക്ഷമായി വിമർശിക്കുകയും ഇക്കാര്യത്തിൽ സ്വീകരിച്ച നടപടികൾ വ്യക്തമാക്കി രണ്ടാഴ്ചയ്ക്കകം സത്യവാങ്മൂലം നല്കാൻ സംസ്ഥാനങ്ങൾക്കും കേന്ദ്രഭരണപ്രദേശങ്ങൾക്കും അന്ത്യശാസനം നൽകുകയും ചെയ്തിരുന്നു. പൊതുസ്ഥലം കൈയേറി ആരാധനാലയങ്ങൾ നിർമ്മിക്കൽ ദൈവത്തെ അവഹേളിക്കലാണെന്നും പൊതുവഴി തടസ്സപ്പെടുത്തുന്നത് ഒരുവിധത്തിലും ദൈവികപദ്ധതിയുടെ ഭാഗമാവില്ലെന്നും അനധികൃത നിർമ്മാണം അനുവദിക്കാൻ അധികൃതർക്ക് അവകാശമില്ലെന്നും കോടതി വ്യക്തമാക്കിയിട്ടുണ്ട്.

സുപ്രീംകോടതിയുടെ നിരീക്ഷണത്തിന്റെ പശ്ചാത്തലത്തിൽ, അനധികൃതമായി പൊതുസ്ഥലങ്ങളിലുള്ളതും പൊതുവഴിയിൽ തടസ്സമുണ്ടാക്കുന്നതുമായ ഇത്തരം ആരാധനാലയങ്ങളും, പ്രതിഷ്ഠകളും പൊളിച്ചു നീക്കുവാനോ, ഉചിതമായ സ്ഥലത്തേക്ക് മാറ്റിസ്ഥാപിക്കാനോ വേണ്ടി ബന്ധപ്പെട്ട വർ കൂടിയാലോചിച്ചു മുൻകൈയെടുക്കണമെന്ന് പി.ഒ.സിയിൽ ചേർന്ന ഐക്യജാഗ്രതാസമിതിയുടെ പ്രതിവാരവലോകനയോഗം അഭ്യർത്ഥിച്ചു.

**ഫാ. വർഗീസ് വള്ളിക്കാട്ട്**
ഡെപ്യൂട്ടി സെക്രട്ടറി ജനറൽ,
ഔദ്യോഗികവക്താവ്, കെസിബിസി/
ഡയറക്ടർ, പി.ഒ.സി.

**ഫാ. സാജു സി. എസ്. റ്റി**
സെക്രട്ടറി, കെസിബിസി സോഷ്യൽ
ഹാർമണി ആന്റ് വിജിലൻസ് കമ്മീഷൻ

PRESIDENT
CARDINAL BASELIOS CLEEMIS
Major Archbishop - Catholicos
Major Archbishop's House,
Pattom, Trivandrum 695 004

VICE-PRESIDENT
MAR JOSEPH PERUMTHOTTAM
Archbishop's House,
Changanacherry 686 101

SECRETARY GENERAL
BISHOP JOSEPH KARIYIL
Bishop's House, Fort Kochi
Kochi 682 001

DEPUTY SECRETARY GENERAL
FR. VARGHESE VALLIKATT
Pastoral Orientation Centre
P.B. No. 2251, Kochi 682 025